## കുടുംബശ്രീ – സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ
## എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

*(ഹാജർ: ശ്രീ. എസ്. ഹരികിഷോർ, ഐഎഎസ്)*

വിഷയം:– കുടുംബശ്രീ – ഇടുക്കി ജില്ല – മൂന്നാർ –കുറിഞ്ഞി പവർലോൻട്രി പദ്ധതി ഇന്നോവേഷൻ ഫണ്ട് അനുവദിച്ചു നൽകി ഉത്തരവാകുന്നത് – സംബന്ധിച്ച്.

പരാമർശം:–
1. 25/04/2016–ൽ കുടുംബശ്രീ ഇടുക്കി ജില്ലാ മിഷൻ കോ–ഓർഡിനേറ്റർ സമർപ്പിച്ച അപേക്ഷ
2. 01/08/2017–ൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ പ്രോജക്ട് അംഗീകാര സമിതി തീരുമാനം

### ഉത്തരവ് നമ്പർ 4851- D-2017-KSHO തീയതി 10..08.2017

ഇടുക്കി ജില്ലയിലെ മൂന്നാർ കുറിഞ്ഞി പവർലോൻട്രി യൂണിറ്റിന് ഇന്നോവേഷൻ ഫണ്ട് അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത യൂണിറ്റിന് പദ്ധതി രൂപീകരിക്കുന്നതിനായി 2,42,000/– രൂപ ആവശ്യമുണ്ടെന്നും ആയത് അനുവദിച്ചു നൽകുന്നതിനായി ഇന്നോവേഷൻ ഫണ്ട് അനുവദിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശ പ്രകാരം അപേക്ഷിച്ചിട്ടുള്ള രേഖകൾ പരിശോധിച്ചതിൻ പ്രകാരം ടി യൂണിറ്റിന് ഇന്നോവേഷൻ ഫണ്ട് അനുവദിക്കാമെന്നും പരാമർശം (2) പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ഇടുക്കി ജില്ലയിലെ മൂന്നാർ കുറിഞ്ഞി പവർലോൻട്രി യൂണിറ്റിന് 2,42,000/– രൂപ (രണ്ടുലക്ഷത്തി നാൽപ്പത്തി രണ്ടായിരം രൂപ മാത്രം) ഇന്നോ വേഷൻ ഫണ്ടായി അനുവദിച്ചുനൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. പ്രസ്തുത തുക ജില്ലാ മിഷനിൽ ലഭ്യമായ സ്റ്റേറ്റ് പ്ലാൻ ഫണ്ടിലെ പ്രാദേശിക സാമ്പത്തിക വികസന ശീർഷകത്തിൽ വകയിരുത്തി അനുവദിക്കാവുന്നതാണ്. ടി യൂണിറ്റിന് തുക ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം ജില്ലാമിഷൻ സംസ്ഥാന മിഷനിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

1. ജില്ലാ മിഷൻ കോ–ഓർഡിനേറ്റർ, കുടുംബശ്രീ, ഇടുക്കി –തുക അനുവദിക്കുന്നതിന്.
2. അക്കൗണ്ട്സ് സെക്ഷൻ – അറിവിലേയ്ക്കായി.

പകർപ്പ്
1. കരുതൽ / അധികം

അംഗീകാരത്തോടെ,

അക്കൗണ്ട്സ് ഓഫീസർ